**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4136** **18-07-2022 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച മെയിന്റനൻസ് ഗ്രാന്റിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2022-23 ലെ സംസ്ഥാന ബജറ്റിൽ വാർഷിക പദ്ധതിയുടെ ഭാഗമായി അനുവദിച്ച മെയിന്റനൻസ് ഗ്രാന്റിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ബജറ്റിൽ സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കുമായി 163 കോടി രൂപയോളം വകയിരുത്തിയപ്പോൾ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് വകയിരുത്തിയത് വെറും 42000/- രൂപ മാത്രമായതിന്റെ കാരണം വിശദമാക്കുമോ; | (ബി) | ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം റിപ്പോർട്ടിന്റെ സപ്ലിമെന്റിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാന പ്രകാരമാണ് 2022-23 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുള്ള സംരക്ഷണ ഫണ്ട് വിഹിതം വകയിരുത്തിയിരിക്കുന്നത്. ടി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിലുള്ള തുകയാണ് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് വകയിരുത്തിയിട്ടുള്ളത്. |
| (സി) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച മാതൃകയിൽ ഫണ്ട് അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | ഉണ്ട്. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ഉൾപ്പെടെ പല പ്രാദേശിക സർക്കാരുകളിൽ നിന്നും ഇതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ട്. ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ